# മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്; എം.ജി സർവകലാശാലയിൽ ഗവേഷണത്തിന് അപേക്ഷിക്കാം

മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിന്റെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളിൽ ഗവേഷണം നടത്താം. സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിക്കും നവീകരണത്തിനും ഉതകുന്ന ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ കൗൺസിലും സംയുക്തമായാണ് ഫെലോഷിപ്പ് ഏർപ്പെടുത്തിയിരിക്കുന്നത്.

പി.എച്ച്.ഡി യോഗ്യതയുള്ളവർക്കാണ് അവസരം. കേരളത്തിൽ സ്ഥിരതാമസമാക്കിയവർക്കും സംസ്ഥാനത്തിനു പുറത്ത് കേരളവുമായി ബന്ധപ്പെട്ട ഗവേഷണ പ്രോജക്ടുകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർക്കും അപേക്ഷിക്കാം. വിവിധ ഗവേഷണ പ്രോജക്ടുകൾക്കു കീഴിലാണ് ഫെലോഷിപ്പ് നൽകുന്നത്. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 50,000 മുതൽ രണ്ടു ലക്ഷം രൂപ വരെ രണ്ടു വർഷത്തേക്ക് ലഭിക്കും.

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഇന്റർ യൂണിവേഴ്സിറ്റി ഇൻസ്ട്രുമെന്റേഷൻ സെന്റർ, ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് ആന്റ് സസ്റ്റെനബിൾ അഗ്രിക്കൾച്ചർ, ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സ്റ്റഡീസ് ഇൻ സയൻസ് ഓഫ് മ്യൂസിക്, ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആന്റ് എക്സ്റ്റൻഷൻ, ഇൻർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോ മെഡിക്കൽ റിസർച്ച് ആന്റ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ്, ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, അഡ്വാൻസ്ഡ് സെന്റർ ഫോർ എൻവയോൺമെന്റൽ സ്റ്റഡീസ് ആന്റ് സസ്റ്റെനബിൾ ഡവലപ്മെന്റ് എന്നീ കേന്ദ്രങ്ങളിലാണ് ഫെലോഷിപ്പ് അനുവദിച്ചിട്ടുള്ളത്.

നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിന്റെ പൊതുവായ മാനദണ്ഡങ്ങൾ പ്രകാരമായിരിക്കും തിരഞ്ഞെടുപ്പ്. അർഹരായവർ അതത് ഗവേഷണ കേന്ദ്രങ്ങളുടെ ഡയറക്ടർക്ക് ഇ-മെയിൽ മുഖേനയാണ് അപേക്ഷ നൽകേണ്ടത്. സർവകലാശാലയിലെ ഗവേഷണ കേന്ദ്രങ്ങളിലെ ഫെലോഷിപ്പുകളുടെ വിശദ വിവരങ്ങൾ വെബ്സൈറ്റിൽ(www.mgu.ac.in) ലഭ്യമാണ്.

(പി.ആർ.ഒ/39/1140/2023)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഇന്റർ സ്കൂൾ സെന്ററായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജി(എൻ.ഐ.പി.എസ്.ടി) നടത്തുന്ന എം.എസ്.സി ബോട്ടണി ആന്റ് പ്ലാന്റ് സയൻസ് ടെക്നോളജി പ്രോഗ്രാമിൽ ജനറൽ വിഭാഗത്തിൽ ഒഴിവുള്ള ഒരു സീറ്റിലേക്ക് സെപ്റ്റംബർ 25ന് സ്പോട്ട് അഡ്മിഷൻ നടത്തും. ക്യാറ്റ് പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ള വിദ്യാർഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി രാവിലെ 11ന് സർവകലാശാലാ കാമ്പസിലെ കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ വകുപ്പ് ഓഫീസിൽ(റൂം നമ്പർ 505) ഹാജരാകണം. ഫോൺ - 9656731387

............................

എം.ജി സർവകലാശാലയിലെ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ മാസ്റ്റർ ഓഫ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് (എം.ടി.ടി.എം) പ്രോഗ്രാമിൽ എസ്.സി വിഭാഗത്തിൽ പെട്ടവർക്കായി സംവരണംചെയ്ത ഒരു സീറ്റിലേക്ക് സെപ്റ്റംബർ 25ന് സ്പോട്ട് അഡ്മിഷൻ നടത്തും. ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയിട്ടുള്ളവരെ പരിഗണിക്കും. താത്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി രാവിലെ പത്തിന് സർവകലാശാലാ കാമ്പസിലെ വകുപ്പിന്റെ ഓഫീസിൽ എത്തണം. ഫോൺ-9495949871

(പി.ആർ.ഒ/39/1141/2023)

## പരീക്ഷാ ഫലം

മാർച്ചിൽ നടത്തിയ എം.ബി.എ മൂന്നാം സെമസ്റ്റർ(2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഫീസ് അടച്ച് ഒക്ടോബർ അഞ്ചു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1142/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

മൂന്നാം സെമസ്റ്റർ ഐ.എം.സി.എ(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 16ന് ആരംഭിക്കും. സെപ്റ്റംബർ 28 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. സെപ്റ്റംബർ 29ന് പിഴയോടുകൂടിയും സെപ്റ്റംബർ 30ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

..........................

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്(2015, 2016 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2013, 2014 അഡ്മിഷനുകൾ മെഴ്സി ചാൻസ്), മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് സൈബർ ഫോറൻസിക്(2015 മുതൽ 2018 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2014 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഒക്ടോബർ അഞ്ചു വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

ഒക്ടോബർ ആറിന് പിഴയോടു കൂടിയും ഒക്ടോബർ ഏഴിന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1143/2023)

## പരീക്ഷാ തീയതി

ഒന്നാം സെമസ്റ്റർ ബി.എഡ്(2016, 2017 അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷ സെപ്റ്റംബർ 25ന് നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

......................

മൂന്നാം സെമസ്റ്റർ എം.പി.ഇ.എസ്(2021 അഡ്മിഷൻ റഗുലർ) പരീക്ഷകൾ ഒക്ടോബർ ഒൻപതിന് ആരംഭിക്കും.

സെപ്റ്റംബർ 28 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. സെപ്റ്റംബർ 29ന് പിഴയോടു കൂടിയും സെപ്റ്റംബർ 30ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/1144/2023)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എം.ആർക് - ലാൻഡ് സ്കേപ് ആർക്കിടെക്ചർ(2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെന്ററി - ജൂലൈ 2023)

പരീക്ഷയുടെ തീസിസ് മൂല്യനിർണയം, വൈവ വോസി പരീക്ഷകൾ ഒക്ടോബർ 11ന് നടത്തും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ

(പി.ആർ.ഒ/39/1145/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**